**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1561** **19-06-2024 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിൽ ഒരേ ഭൂമിക്ക് ഒന്നിലധികം ആധാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടി ട്രൈബൽ താലൂക്ക് ഓഫീസിലും വിവിധ വില്ലേജ് ഓഫീസുകളിലും ഒരേ ഭൂമിക്ക് ഒന്നിലധികം ആധാരം നിർമ്മിച്ചത് സംബന്ധിച്ച് എത്ര പരാതികൾ അട്ടപ്പാടി ട്രൈബൽ താലൂക്ക് ഓഫീസിൽ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം ചാരിറ്റബിൾ സൊസൈറ്റികൾ തമ്മിലാണ് ഇക്കാര്യത്തിൽ തർക്കം ഉണ്ടായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | അട്ടപ്പാടി ട്രൈബൽ താലൂക്കിലെ ഷോളയൂർ വില്ലേജിൽ സർവ്വെ 1865/2 ൽ ഒരേ ഭൂമിക്കു ഒന്നിലധികം ആധാരം നിർമ്മിച്ചത് സംബന്ധിച്ച് സനാതന ചാരിറ്റബിൾ ട്രസ്റ്റ് സെക്രട്ടറിയും, ജോയിന്റ് സെക്രട്ടറിയുമായ കണ്ണൻ S/o ശിവ എന്നയാളും മുത്തുകുമാർ s/o സമ്പത്ത് എന്നയാളും പരാതി സമർപ്പിച്ചിട്ടുള്ളതും, അട്ടപ്പാടി ഭൂരേഖ തഹസിൽദാരുടെ tlkatp/803/2023/lr1 നമ്പർ ഫയലിൽ നടപടിയിൽ ഇരിക്കുന്നതുമാണ്. ഏതെല്ലാം ചാരിറ്റബിൾ സൊസൈറ്റികൾ തമ്മിലാണ് ഇക്കാര്യത്തിൽ തർക്കം ഉണ്ടായിരിക്കുന്നതെന്ന് വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഏതെല്ലാം ചാരിറ്റബിൾ സൊസൈറ്റികൾക്കും ഫാമുകൾക്കും എത്ര ഏക്കർ ഭൂമി വീതം നികുതി അടച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവർക്ക് നൽകിയ ഭൂമിയുടെ പൊസഷൻ സർട്ടിഫിക്കറ്റിന്റെയും നികുതി രസീതിന്റെയും പകർപ്പ് ലഭ്യമാക്കുമോ? | (ബി) | അട്ടപ്പാടി ട്രൈബൽ താലൂക്കിൽ ചാരിറ്റബിൾ ട്രസ്റ്റുകൾക്കും ഫാമുകൾക്കും നികുതി അടച്ചു നൽകുന്നുണ്ട്. എന്നാൽ നികുതി അടച്ചു വരുന്ന ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച വിവരം, ഭൂമിയുടെ പൊസഷൻ സർട്ടിഫിക്കറ്റിന്റെയും നികുതി രസീതിന്റെയും പകർപ്പുകൾ ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ